(ഡി) പ്രസ്തുത സ്ഥാനത്ത് നിന്നും ടിയാനെ നീക്കിയിട്ടുണ്ടോ ?

ഉത്തരം

(എ & ബി) ശ്രീ. എം. കെ. അബ്ദുൾ സലാം, S/o ബായിദീൻ കോയ, 11/-1850-ഡി മലബാർ ഹോസ്പിറ്റലിനു സമീപം, സിവിൽ സ്റ്റേഷൻ, കോഴിക്കോട് എന്നയാൾ തൃശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജി മുമ്പാകെ സമർപ്പിച്ച സി.എം.പി. 611/2009-ാം നമ്പർ പരാതിയിന്മേൽ 156(3) Cr.pc പ്രകാരം ഒരു അന്വേഷണം നടത്തണമെന്ന് കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ട്. അതിൻ പ്രകാരം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു സത്വര പരിശോധന നടത്തി വരികയാണ്.

(സി) സെക്രട്ടറി, ഉപദേശക സമിതി, കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007.

(ഡി) ഉണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ

64 (5979) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര വിജിലൻസ് കേസ്സുകളാണ് തീർപ്പാക്കാതെ കിടന്നത് ; നാളിതുവരെ എത്ര എണ്ണത്തിന് തീർപ്പുകൽപ്പിച്ചു ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പോലീസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെയാണ് വിജിലൻസ് അന്വേഷണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 475 വിജിലൻസ് കേസുകളാണ് തീർപ്പാക്കാതെ കിടന്നത്. അതിൽ നാളിതുവരെ 389 എണ്ണത്തിന് തീർപ്പ് കൽപ്പിച്ചു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 659 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തു. ജില്ല തിരിച്ചുള്ള വിജിലൻസ് കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തിരുവന്തപുരം	17
സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് തിരുവനന്തപുരം	31
സ്പെഷ്യൽ സെൽ, തിരുവനന്തപുരം	7
തെക്കൻ മേഖല, തിരുവനന്തപുരം	9

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം	40
പത്തനംതിട്ട	38
ആലപ്പുഴ	37
കോട്ടയം	33
കിഴക്കൻ മേഖല, കോട്ടയം	15
ഇടുക്കി	54
എറണാകുളം	54
സ്പെഷ്യൽ സെൽ, എറണാകുളം	19
തൃശൂർ	62
മദ്ധ്യമേഖല, എറണാകുളം	27
പാലക്കാട്	47
മലപ്പുറം	48
കോഴിക്കോട്	33
സ്പെഷ്യൽ സെൽ, കോഴിക്കോട്	14
വയനാട്	23
കണ്ണൂർ	30
കാസർഗോഡ്	21
ആകെ	659

(സി) പോലീസ് വകുപ്പിലെ 35 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 16 വിജിലൻസ് അന്വേഷണങ്ങൾ നിലവിലുണ്ട്.

വിജിലൻസ് വിഭാഗത്തിലെ എസ്.ഐ. തസ്തിക നിറുത്തലാക്കാനുള്ള തീരുമാനം

65 (5980) ശ്രീ. ജോസഫ്. എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിജിലൻസ് വിഭാഗത്തിലെ എസ്.ഐ. തസ്തികകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) എസ്.ഐ. തസ്തികകൾ നിർത്തലാക്കുന്നത് സംബന്ധിച്ചുള്ള തീരുമാനം ഉടലെടുക്കാൻ എന്താണ് കാരണം ;

LIBRARY ARCHIVES Kerala Legislative Assembly